FOURTEENTH KERALA LEGISLATIVE ASSEMBLY

**First Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday, July 18, 2016*

**No. 14**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions :*

Three questions in the list of questions and short notice question No. 1 posted for the day were answered orally.

*Adjournment Motion :*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Parakkal Abdulla and two other Members regarding the serious situation reported to have arisen due to the murder of Kizhakke Puthalath Naziruddeen, a youth league worker belonging to the Kuttyadi Constituency, by a group of people that resulted in widespread violence and unrest in the area which could not be curbed by the police.

As a mark of protest against the attitude of the Government in the matter Members belonging to the opposition staged a walkout.

*Calling Attention :*

(1) Shri E. K. Vijayan called the attention of the Minister for Local Self Governments, Welfare of Minorities, Wakf and Hajj Pilgrimage to the necessity to implement the revision of wages of the contingent employees of the Municipalities and Corporations of the State. The Minister made a statement thereto.

(2) Shri V. P. Sajeendran called the attention of the Chief Minister to the challenges and social problems reportedly being faced by the State due to the increase in the number of Migrant labourers in the State and their increased involvement in crimes. The Chief Minister made a statement thereto.

KNPP. 864/2016(ii).

*Papers laid on the table :*

The following papers were laid on the table :

1. ജി.ഒ (പി) നമ്പർ 9/2016/ജി.എ.ഡി. തീയതി 8-2-2016 (എസ്.ആർ.ഒ. നമ്പർ 126/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. നമ്പർ 3639/സി13/2016-I/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 404/ 2016)
3. നമ്പർ 3639/സി13/2016-II/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 405/ 2016)
4. നമ്പർ 3639/സി13/2016-III/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 406/ 2016)
5. നമ്പർ 3639/സി13/2016-IV/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 407/ 2016)
6. ജി.ഒ. (ആർറ്റി.) നമ്പർ 1997/2016/ഹോം തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 440/2016)
7. ജി.ഒ. (എംഎസ്.) നമ്പർ 186/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 450/2016)
8. ജി.ഒ. (എംഎസ്.) നമ്പർ 187/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 451/2016)
9. ജി.ഒ. (എംഎസ്.) നമ്പർ 188/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 452/2016)
10. ജി.ഒ. (എംഎസ്.) നമ്പർ 189/2016/ഹോം തീയതി 1-7-2016 (എസ്.ആർ.ഒ. നമ്പർ 454/2016)
11. ജി.ഒ. (പി) നമ്പർ 54/2016/കോ-ഓപ്. തീയതി 8-6-2016 (എസ്.ആർ.ഒ. നമ്പർ 423/2016)
12. ജി.ഒ. (പി) നമ്പർ 61/2016/കോ-ഓപ്. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 424/2016)
13. ജി.ഒ. (പി) നമ്പർ 48/2016/കോ-ഓപ്. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 429/2016)

14. ജി.ഒ. (പി) നമ്പർ 52/2016/കോ-ഓപ്. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 431/2016)

15. ജി.ഒ. (പി) നമ്പർ 57/2016/കോ-ഓപ്. തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 436/2016)

16. ജി.ഒ. (പി) നമ്പർ 60/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 437/2016)

17. ജി.ഒ. (പി) നമ്പർ 62/2016/കോ-ഓപ്. തീയതി 18-6-2016 (എസ്.ആർ.ഒ. നമ്പർ 438/2016)

18. ജി.ഒ. (പി) നമ്പർ 63/2016/കോ-ഓപ്. തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 439/2016)

19. ജി.ഒ. (പി) നമ്പർ 56/2016/കോ-ഓപ്. തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 441/2016)

20. ജി.ഒ. (പി) നമ്പർ 58/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 442/2016)

21. ജി.ഒ. (പി) നമ്പർ 59/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 443/2016)

22. ജി.ഒ. (പി) നമ്പർ 66/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 458/2016)

23. ജി.ഒ. (പി) നമ്പർ 67/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 459/2016)

24. ജി.ഒ. (പി) നമ്പർ 68/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 460/2016)

25. ജി.ഒ. (പി) നമ്പർ 15/2016/എൽ.ബി.ആർ. തീയതി 27-1-2016 (എസ്.ആർ.ഒ. നമ്പർ 117/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

26. ജി.ഒ. (പി) നമ്പർ 32/2016/എൽ.ബി.ആർ. തീയതി 6-2-2016 (എസ്.ആർ.ഒ. നമ്പർ 119/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

27. ജി.ഒ. (പി) നമ്പർ 13/2016/എൽ.ബി.ആർ. തീയതി 22-1-2016 (എസ്.ആർ.ഒ. നമ്പർ 123/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

28. ജി.ഒ. (പി) നമ്പർ 40/2016/എൽ.ബി.ആർ. തീയതി 18-2-2016 (എസ്.ആർ.ഒ. നമ്പർ 149/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

29. ജി.ഒ. (പി) നമ്പർ 85/2016/എൽ.ബി.ആർ. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 413/2016)

30. ജി.ഒ. (പി) നമ്പർ 86/2016/എൽ.ബി.ആർ. തീയതി 9-6-2016 (എസ്.ആർ.ഒ. നമ്പർ 428/2016)

31. ജി.ഒ. (പി) നമ്പർ 94/2016/എൽ.ബി.ആർ. തീയതി 20-6-2016 (എസ്.ആർ.ഒ. നമ്പർ 444/2016)

32. ജി.ഒ. (പി) നമ്പർ 96/2016/എൽ.ബി.ആർ. തീയതി 21-6-2016 (എസ്.ആർ.ഒ. നമ്പർ 445/2016)

33. ജി.ഒ. (പി) നമ്പർ 103/2016/എൽ.ബി.ആർ. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 465/2016)

34. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2011-12-ലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

35. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ 2013-14-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

36. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

37. ജി.ഒ. (പി) നമ്പർ 8/2016/എ.ഡി. തീയതി 20-5-2016 (എസ്.ആർ.ഒ. നമ്പർ 422/2016)

38. ജി.ഒ. (പി) നമ്പർ 127/2012/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 20-9-2012 (എസ്.ആർ.ഒ. നമ്പർ 671/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

39. ജി.ഒ. (പി) നമ്പർ 5/2016/സി.എ.ഡി. തീയതി 24-6-2016 (എസ്.ആർ.ഒ. നമ്പർ 455/2016)

40. തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2012-13 വർഷത്തെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

41. ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ 2014-15-ലെ ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

42. ജി.ഒ. (പി) നമ്പർ 333/2016/ആർ.ഡി. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 419/2016)

43. ജി.ഒ. (പി) നമ്പർ 2/2016/ത.സ്വ.ഭ.വ. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 44/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

44. ജി.ഒ. (പി) നമ്പർ 48/2016/ട്രാൻ. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 453/2016)

45. ജി.ഒ. (പി) നമ്പർ 65/2016/റ്റി.ഡി. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 425/2016)

46. ജി.ഒ. (പി) നമ്പർ 66/2016/റ്റി.ഡി. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 426/2016)

47. ജി.ഒ. (പി) നമ്പർ 63/2016/റ്റി.ഡി. തീയതി 7-6-2016 (എസ്.ആർ.ഒ. നമ്പർ 432/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

48. ജി.ഒ. (പി) നമ്പർ 67/2016/റ്റി.ഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 461/2016)

49. ജി.ഒ. (പി) നമ്പർ 68/2016/റ്റി.ഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 462/2016).

ചട്ടം 236(6) പ്രകാരമുള്ള ക്ഷീരവികസനവുമായി ബന്ധപ്പെട്ട XXXII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ക്ഷീരവികസന വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

ചട്ടം 47 (2) പ്രകാരമുള്ളത് :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1072, 2477, 2484, 2513, 5163, പതിനാറാം സമ്മേളനത്തിലെ 2608, 2655, 2891 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2699, 2708 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

*Statement under Rule 300*

Shri Kadakampally Surendran, Minister for Electricity and Devaswoms made a statement regarding the steps intended to be taken for achieving the total electrification of the state.

റൂളിംഗ് 1

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് (2014-ലെ 16-ാം ആക്ട്) മലയാളത്തിലാണ് പാസ്സാക്കിയതെന്നതിനാൽ പ്രസ്തുത നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും ഭേദഗതിയും ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പരിശോധിക്കണമെന്ന ശ്രീ. എം. ഉമ്മറുടെ ക്രമപ്രശ്നത്തിന് സ്പീക്കർ റൂളിംഗ് നൽകി. മലയാളത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കപ്പെട്ടിട്ടും പ്രസ്തുത ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദീകരണം തൃപ്തികരമല്ലെന്നും ബന്ധപ്പെട്ട വകുപ്പിന് ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച പറ്റിയെന്നും ചെയർ വിലയിരുത്തി. പ്രസ്തുത ചട്ടങ്ങളുടെ കാര്യത്തിൽ നിയമസഭാ നടപടി ചട്ടം 238 (1), (2) എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല എന്നും കരട് ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന നടത്തേണ്ട നിയമസഭാ സബ്ജക്ട് കമ്മിറ്റി യഥാവിധി പരിശോധനകൾ നടത്തിയിരുന്നുവെങ്കിൽ ഇത്തരം വീഴ്ച ഒഴിവാക്കപ്പെടുമായിരുന്നുവെന്നും ചെയർ വിലയിരുത്തി.

സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ സാധുത പരിശോധിക്കാൻ നിയമസഭാ നടപടി ചട്ട പ്രകാരം ബന്ധപ്പെട്ട സഭാ സമിതികൾക്ക് ലഭ്യമായ അധികാരങ്ങൾ തമസ്കരിക്കുന്ന തരത്തിലുള്ള നടപടികൾ ഒരു കാരണവശാലും ഭാവിയിൽ ഉണ്ടാകരുതെന്നും, നിയമസഭ പാസ്സാക്കുന്ന ഒറിജിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാളത്തിൽത്തന്നെ ആയിരിക്കേണ്ടതാണെന്നും ചെയർ റൂളിംഗ് നൽകി.

റൂളിംഗ് 2

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സത്യപ്രതിജ്ഞ ചെയ്തത് 'സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലാണെന്നും മുഖ്യമന്ത്രി എന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്യണമായിരുന്നുവെന്നു'മുള്ള ശ്രീ. പി. സി. ജോർജിന്റെ ക്രമപ്രശ്നം സംബന്ധിച്ച് പൊതു സമൂഹത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളാണ് സഭയിൽ സാമാജികർ അവതരിപ്പിക്കേണ്ടതെന്നും എന്നാൽ തികച്ചും സാങ്കേതികവും സാങ്കൽപ്പികവുമായ കാര്യങ്ങൾ ഉന്നയിച്ച് സഭയുടെ വിലപ്പെട്ട സമയം പാഴാക്കികളയുന്നത് ഭൂഷണമല്ലെന്നും ചെയർ അഭിപ്രായപ്പെടുകയും ശ്രീ. പി. സി. ജോർജിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂളിംഗ് നൽകുകയും ചെയ്തു.

*Statutory Resolution :*

The following statutory resolution moved by Prof. C. Raveendranath, Minister for Education, under Rule 23, was adopted by the House:

"WHEREAS, the Managers of the following schools have closed their schools after obtaining favourable Judgments from the Hon'ble High Court of Kerala confirmed by the Hon'ble Supreme Court. The closure of the schools are against the interest of public and pupils studying in those schools;

1. AUP School, Malaparamba,

   Kozhikode City Educational Sub District,

   Kozhikode Revenue District.

2. AUP School, Palatu,

   Kozhikode City Educational Sub District,

   Kozhikode Revenue District.

3. AMLP School, Mangattumuri,

   Kondotty Educational Sub District,

   Malappuram Revenue District.

4. PMLP School, Kiraloor,

   Vadakkanchery Educational Sub District,

   Thrissur Revenue District.

AND WHEREAS, the Government proposes to take over the aforesaid four schools in public interest under sub-section (1) of section 15 of the Kerala Education Act, 1958 (6 of 1959), for managing the same effectively;

AND WHEREAS, under the proviso to sub-section (1) of section 15 of the Kerala Education Act, 1958 (6 of 1959), and notification under the above sub-section shall not be issued unless the proposal of the Government for taking over is supported by a resolution of the Legislative Assembly;

(2) Introduction and further stages of the Kerala Appropriation [Vote on Account (No.2)] Bill, 2016:

DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala Appropriation [Vote on Account (No.2)] Bill, 2016 and moved that the Bill be taken up for consideration:

The following Members took part in the discussion:

Shri George M. Thomas

,, C. Mammutty

,, E. T. Taison Master

,, Mons Joseph

,, C. K. Nanu

,, P. C. George

,, K. Kunhiraman

,, I. C. Balakrishnan.

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion. Then the motion that the bill be passed was moved, put to vote and adopted by the House and then the Bill was declared passed.

The House adjourned at 3.17 p.m. to meet again at 8.30 a.m. on Tuesday, July 19, 2016.

P. JAYALEKSHMI,
*Secretary-in-charge.*

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ജൂലൈ 18, തിങ്കൾ

**നമ്പർ 14**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണവും ഒന്നാം നമ്പർ അടിയന്തര ചോദ്യവും സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

15-7-2016-ൽ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മുസ്ലിം യൂത്ത് ലീഗ് പ്രവർത്തകനായ കിഴക്കെ പുത്തലത്ത് നസീറുദ്ദീൻ ഒരു സംഘം ആളുകളുടെ കുത്തേറ്റ് മരണപ്പെട്ടതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങൾ നിയന്ത്രിക്കാൻ പോലീസിന് കഴിയാത്തതുമൂലം ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പാറക്കൽ അബ്ദുല്ലയും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ശുചീകരണത്തൊഴിലാളികളുടെ വേതന പരിഷ്കരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഇ. കെ. വിജയൻ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 864/2016(i).

(2) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും അവരുൾപ്പെട്ട കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നതിനാലും സംസ്ഥാനം അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന വെല്ലുവിളികളും സാമൂഹ്യപ്രശ്നങ്ങളും സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു :

1. ജി.ഒ (പി) നമ്പർ 9/2016/ജി.എ.ഡി. തീയതി 8-2-2016 (എസ്.ആർ.ഒ. നമ്പർ 126/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. നമ്പർ 3639/സി3/2016-I/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 404/ 2016)
3. നമ്പർ 3639/സി3/2016-II/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 405/ 2016)
4. നമ്പർ 3639/സി3/2016-III/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 406/ 2016)
5. നമ്പർ 3639/സി3/2016-IV/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 407/ 2016)
6. ജി.ഒ. (ആർറ്റി.) നമ്പർ 1997/2016/ഹോം തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 440/2016)
7. ജി.ഒ. (എംഎസ്.) നമ്പർ 186/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 450/2016)
8. ജി.ഒ. (എംഎസ്.) നമ്പർ 187/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 451/2016)
9. ജി.ഒ. (എംഎസ്.) നമ്പർ 188/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 452/2016)
10. ജി.ഒ. (എംഎസ്.) നമ്പർ 189/2016/ഹോം തീയതി 1-7-2016 (എസ്.ആർ.ഒ. നമ്പർ 454/2016)
11. ജി.ഒ. (പി) നമ്പർ 54/2016/കോ-ഓപ്. തീയതി 8-6-2016 (എസ്.ആർ.ഒ. നമ്പർ 423/2016)

12. ജി.ഒ. (പി) നമ്പർ 61/2016/കോ-ഓപ്. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 424/2016)

13. ജി.ഒ. (പി) നമ്പർ 48/2016/കോ-ഓപ്. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 429/2016)

14. ജി.ഒ. (പി) നമ്പർ 52/2016/കോ-ഓപ്. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 431/2016)

15. ജി.ഒ. (പി) നമ്പർ 57/2016/കോ-ഓപ്. തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 436/2016)

16. ജി.ഒ. (പി) നമ്പർ 60/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 437/2016)

17. ജി.ഒ. (പി) നമ്പർ 62/2016/കോ-ഓപ്. തീയതി 18-6-2016 (എസ്.ആർ.ഒ. നമ്പർ 438/2016)

18. ജി.ഒ. (പി) നമ്പർ 63/2016/കോ-ഓപ്. തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 439/2016)

19. ജി.ഒ. (പി) നമ്പർ 56/2016/കോ-ഓപ്. തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 441/2016)

20. ജി.ഒ. (പി) നമ്പർ 58/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 442/2016)

21. ജി.ഒ. (പി) നമ്പർ 59/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 443/2016)

22. ജി.ഒ. (പി) നമ്പർ 66/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 458/2016)

23. ജി.ഒ. (പി) നമ്പർ 67/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 459/2016)

24. ജി.ഒ. (പി) നമ്പർ 68/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 460/2016)

25. ജി.ഒ. (പി) നമ്പർ 15/2016/എൽ.ബി.ആർ. തീയതി 27-1-2016 (എസ്.ആർ.ഒ. നമ്പർ 117/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

26. ജി.ഒ. (പി) നമ്പർ 32/2016/എൽ.ബി.ആർ. തീയതി 6-2-2016 (എസ്.ആർ.ഒ. നമ്പർ 119/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

27. ജി.ഒ. (പി) നമ്പർ 13/2016/എൽ.ബി.ആർ. തീയതി 22-1-2016 (എസ്.ആർ.ഒ. നമ്പർ 123/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

28. ജി.ഒ. (പി) നമ്പർ 40/2016/എൽ.ബി.ആർ. തീയതി 18-2-2016 (എസ്.ആർ.ഒ. നമ്പർ 149/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

29. ജി.ഒ. (പി) നമ്പർ 85/2016/എൽ.ബി.ആർ. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 413/2016)

30. ജി.ഒ. (പി) നമ്പർ 86/2016/എൽ.ബി.ആർ. തീയതി 9-6-2016 (എസ്.ആർ.ഒ. നമ്പർ 428/2016)

31. ജി.ഒ. (പി) നമ്പർ 94/2016/എൽ.ബി.ആർ. തീയതി 20-6-2016 (എസ്.ആർ.ഒ. നമ്പർ 444/2016)

32. ജി.ഒ. (പി) നമ്പർ 96/2016/എൽ.ബി.ആർ. തീയതി 21-6-2016 (എസ്.ആർ.ഒ. നമ്പർ 445/2016)

33. ജി.ഒ. (പി) നമ്പർ 103/2016/എൽ.ബി.ആർ. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 465/2016)

34. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2011-12-ലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

35. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ 2013-14-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

36. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

37. ജി.ഒ. (പി) നമ്പർ 8/2016/എ.ഡി. തീയതി 20-5-2016 (എസ്.ആർ.ഒ. നമ്പർ 422/2016)

38. ജി.ഒ. (പി) നമ്പർ 127/2012/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 20-9-2012 (എസ്.ആർ.ഒ. നമ്പർ 671/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

39. ജി.ഒ. (പി) നമ്പർ 5/2016/സി.എ.ഡി. തീയതി 24-6-2016 (എസ്.ആർ.ഒ. നമ്പർ 455/2016)

40. തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2012-13 വർഷത്തെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

41. ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ 2014-15-ലെ ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

42. ജി.ഒ. (പി) നമ്പർ 333/2016/ആർ.ഡി. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 419/2016)

43. ജി.ഒ. (പി) നമ്പർ 2/2016/ത.സ്വ.ഭ.വ. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 44/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

44. ജി.ഒ. (പി) നമ്പർ 48/2016/ട്രാൻ. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 453/2016)

45. ജി.ഒ. (പി) നമ്പർ 65/2016/റ്റി.ഡി. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 425/2016)

46. ജി.ഒ. (പി) നമ്പർ 66/2016/റ്റി.ഡി. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 426/2016)

47. ജി.ഒ. (പി) നമ്പർ 63/2016/റ്റി.ഡി. തീയതി 7-6-2016 (എസ്.ആർ.ഒ. നമ്പർ 432/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

48. ജി.ഒ. (പി) നമ്പർ 67/2016/റ്റി.ഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 461/2016)

49. ജി.ഒ. (പി) നമ്പർ 68/2016/റ്റി.ഡി. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 462/2016).

ചട്ടം 236(6) പ്രകാരമുള്ള ക്ഷീരവികസനവുമായി ബന്ധപ്പെട്ട XXXII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ക്ഷീരവികസന വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

<u>ചട്ടം 47 (2) പ്രകാരമുള്ളത്</u> :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1072, 2477, 2484, 2513, 5163, പതിനാറാം സമ്മേളനത്തിലെ 2608, 2655, 2891 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2699, 2708 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഊർജ്ജ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു പ്രസ്താവന നടത്തി.

റൂളിംഗ് 1

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് (2014-ലെ 16-ാം ആക്ട്) മലയാളത്തിലാണ് പാസ്സാക്കിയതെന്നതിനാൽ പ്രസ്തുത നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും ഭേദഗതിയും ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പരിശോധിക്കണമെന്ന ശ്രീ. എം. ഉമ്മറുടെ ക്രമപ്രശ്നത്തിന് സ്പീക്കർ റൂളിംഗ് നൽകി. മലയാളത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കപ്പെട്ടിട്ടും പ്രസ്തുത ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദീകരണം തൃപ്തികരമല്ലെന്നും ബന്ധപ്പെട്ട വകുപ്പിന് ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച പറ്റിയെന്നും ചെയർ വിലയിരുത്തി. പ്രസ്തുത ചട്ടങ്ങളുടെ കാര്യത്തിൽ നിയമസഭാ നടപടി ചട്ടം 238 (1), (2) എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല എന്നും കരട് ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന നടത്തേണ്ട നിയമസഭാ സബ്ജക്ട് കമ്മിറ്റി യഥാവിധി പരിശോധനകൾ നടത്തിയിരുന്നുവെങ്കിൽ ഇത്തരം വീഴ്ച ഒഴിവാക്കപ്പെടുമായിരുന്നുവെന്നും ചെയർ വിലയിരുത്തി.

സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ സാധുത പരിശോധിക്കാൻ നിയമസഭാ നടപടി ചട്ട പ്രകാരം ബന്ധപ്പെട്ട സഭാ സമിതികൾക്ക് ലഭ്യമായ അധികാരങ്ങൾ തമസ്കരിക്കുന്ന തരത്തിലുള്ള നടപടികൾ ഒരു കാരണവശാലും ഭാവിയിൽ ഉണ്ടാകരുതെന്നും, നിയമസഭ പാസ്സാക്കുന്ന ഒറിജിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാളത്തിൽത്തന്നെ ആയിരിക്കേണ്ടതാണെന്നും ചെയർ റൂളിംഗ് നൽകി.

റൂളിംഗ് 2

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സത്യപ്രതിജ്ഞ ചെയ്തത് 'സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലാണെന്നും മുഖ്യമന്ത്രി എന്ന നിലയിൽ സത്യപ്രതിജ്ഞ

ചെയ്യണമായിരുന്നുവെന്നു'മുള്ള ശ്രീ. പി. സി. ജോർജിന്റെ ക്രമപ്രശ്നം സംബന്ധിച്ച് പൊതു സമൂഹത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളാണ് സഭയിൽ സാമാജികർ അവതരിപ്പിക്കേണ്ടതെന്നും എന്നാൽ തികച്ചും സാങ്കേതികവും സാങ്കൽപ്പികവുമായ കാര്യങ്ങൾ ഉന്നയിച്ച് സഭയുടെ വിലപ്പെട്ട സമയം പാഴാക്കികളയുന്നത് ഭൂഷണമല്ലെന്നും ചെയർ അഭിപ്രായപ്പെടുകയും ശ്രീ. പി. സി. ജോർജിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂളിംഗ് നൽകുകയും ചെയ്തു.

<u>സ്റ്റാറ്റ്യൂട്ടറി പ്രമേയം</u> :

ചട്ടം 23 പ്രകാരം വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു:

"ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുകൂല വിധി ബഹുമാനപ്പെട്ട സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ താഴെപ്പറയുന്ന സ്കൂളുകളുടെ മാനേജർമാർ അവരുടെ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുള്ളതും അപ്രകാരം സ്കൂളുകൾ പൂട്ടിയിട്ടുള്ളത് പൊതു താല്പര്യത്തിനും ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ താല്പര്യത്തിനും എതിരായതിനാലും;

1. എ.യു.പി. സ്കൂൾ, മലാപ്പറമ്പ്,
   കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
   കോഴിക്കോട് റവന്യൂ ജില്ല.
2. എ.യു.പി. സ്കൂൾ, പാലാട്ട്,
   കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
   കോഴിക്കോട് റവന്യൂ ജില്ല.
3. എ.എം.എൽ.പി. സ്കൂൾ, മങ്ങാട്ടുമുറി,
   കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല,
   മലപ്പുറം റവന്യൂ ജില്ല.
4. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ,
   വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ല,
   തൃശ്ശൂർ റവന്യൂ ജില്ല.

കൂടുതൽ കാര്യക്ഷമമായി അവ നടത്തുന്നതിനുവേണ്ടി 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ മേൽപ്രസ്താവിച്ച നാല് സ്കൂളുകളും പൊതു താല്പര്യാർത്ഥം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാലും;

1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന പ്രകാരം, ഏറ്റെടുക്കുവാനുള്ള സർക്കാരിന്റെ ഉദ്ദേശ്യത്തിന് നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലം ഇല്ലാതെ മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പാടില്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെ (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, മേൽ പ്രസ്താവിച്ച നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിന് വേണ്ടി നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു".

ചട്ടം 130 അനുസരിച്ചുള്ള ചർച്ച :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 130 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചു:

"സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ അതീവ ഉത്കണ്ഠയോടെയാണ് കേരള നിയമസഭ വീക്ഷിക്കുന്നത്. 846-ൽപ്പരം ശാഖകളും എണ്ണായിരത്തോളം കോടി രൂപ നിക്ഷേപവുമുള്ള എസ്.ബി.റ്റി.യാണ് കേരളത്തിലെ ഏറ്റവും വലിയ ബാങ്ക്. കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടിൽ സിംഹഭാഗവും എസ്.ബി.റ്റി. വഴിയാണ്. നമ്മുടെ നാടിന്റെ വികസനത്തിൽ എസ്.ബി.റ്റി.യിലെ കാർഷിക വികസന വായ്പകൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുമുണ്ട്. അതിലുപരി 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രവർത്തിച്ചുവന്ന ഒരു ഡസനോളം ബാങ്കുകൾ ചേർന്ന് 1946-ൽ രൂപം കൊടുത്ത എസ്.ബി.റ്റി.യോട് പ്രത്യേക വൈകാരിക ബന്ധം തന്നെ കേരളത്തിനുണ്ട്. അങ്ങനെ നമ്മുടെ നാടുമായി ജൈവബന്ധം പുലർത്തുന്ന ഒരു ബാങ്ക് ഇല്ലാതാകുന്നത് സംസ്ഥാനത്തെ നിക്ഷേപത്തേയും സാമ്പത്തിക വളർച്ചയേയും പ്രതികൂലമായി ബാധിക്കും. മുതൽമുടക്കിന് സ്ഥാപനത്തിന്റെ പ്രാദേശിക വേരുകളുമായിട്ടുള്ള ബന്ധം അക്കാദമിക തലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ, കേരളത്തിന്റേതെന്ന് അവകാശപ്പെടാവുന്ന ബാങ്കുകൾ ഒന്നൊന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ പശ്ചാത്തലത്തിൽ എസ്.ബി.റ്റി.യുടെ തിരോധാനം കേരളത്തിന് അപരിഹാര്യമായ നഷ്ടമായിരിക്കും. പുതിയ ചെറുകിട ബാങ്കുകൾക്ക് അനുവാദം നൽകുന്ന നയം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ എസ്.ബി.റ്റി.യെ ഒരു വലിയ ബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കം കേരളത്തിന്റെ താൽപ്പര്യത്തിനു വിരുദ്ധമാണ്. ഈ പശ്ചാത്തലത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന് റിസർവ് ബാങ്കിനോടും കേന്ദ്രസർക്കാരിനോടും ഈ സഭ അഭ്യർത്ഥിക്കുന്ന കാര്യം ചർച്ച ചെയ്യണം."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. എസ്. ശർമ്മ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. സി. എഫ്. തോമസ്

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൻ. വിജയൻ പിള്ള

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. പി. ഉബൈദുള്ള

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി പറഞ്ഞു. അതിനുശേഷം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 275 അനുസരിച്ച് താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിച്ചു:

"കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളിൽ സിംഹഭാഗവും നടത്തുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള തീരുമാനം സംസ്ഥാനത്ത് നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയേയും തികച്ചും പ്രതികൂലമായി ബാധിക്കും. കേരളത്തിന്റെ വികസനത്തിൽ എസ്.ബി.റ്റി.-യുടെ കാർഷിക വായ്പകൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ ലയനനീക്കങ്ങളിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്ര സർക്കാരിനോടും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയോടും ഈ സഭ ആവശ്യപ്പെടുന്നു".

പ്രമേയം സഭ വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

<u>നിയമനിർമ്മാണകാര്യം</u> :

(1) 2016-ലെ കേരള ധനകാര്യ ബിൽ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചു.

(2) <u>2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (രണ്ടാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u> :

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (രണ്ടാം നമ്പർ)] ബില്ലും പ്രസ്തുത ബിൽ പരിഗണിക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. സി. കെ. നാണു

ശ്രീ. പി. സി. ജോർജ്

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി നൽകി. തുടർന്ന് പ്രസ്തുത ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും വോട്ടിനിട്ട് അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

2016 ജൂലൈ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.17-ന് സഭ പിരിഞ്ഞു.

പി. ജയലക്ഷ്മി,
*സെക്രട്ടറി-ഇൻ-ചാർജ്.*